ഉത്തരം

(എ) ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഈ ആശുപത്രിയിൽ ഉള്ള ആകെ 16 തസ്തികകളിൽ മൂന്നെണ്ണം ഡോക്ടർമാരുടെ തസ്തികയാണ്.

(സി) വാർഡിന്റെ പണി പൂർത്തിയാക്കി കെട്ടിടം കൈമാറ്റം ചെയ്യുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് ഏർപ്പെടുത്തുകയും ചെയ്തുകഴിഞ്ഞശേഷമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) തസ്തികമാറ്റി വിഷചികിത്സാ വിദഗ്ധനെ നിയമിക്കുന്നതിന് പ്രതിവർഷം ഉദ്ദേശം 10,000 രൂപ അധികചിലവ് ഉണ്ടാകും.

(ഇ) ഈ സാമ്പത്തികവർഷം ഏതൊക്കെ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണം എന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

220 (2536) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ നടപടി

ശ്രീ. കടന്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളക്കുഴ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ചെങ്ങന്നൂർ ആയുർവേദ ആശുപത്രിയുടെ സമീപ പ്രദേശത്താണ്. ആസ്പത്രി സൗകര്യം പോലും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അവ തുടങ്ങുന്നതിനാണ് ഗവൺമെന്റ് മുൻഗണന നൽകിവരുന്നത്.

221 (2537) ഹോമിയോപ്പതി അലോപ്പതി ഡയറക്ടർമാരുടെ നിയമനം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഹോമിയോപ്പതി, അലോപ്പതി, ഡയറക്ടറുടെ നിയമനത്തിനായി നിജപ്പെടുത്തിയിട്ടുള്ള പ്രായപരിധി എത്രയാണ്;

(ബി) ഇക്കാര്യത്തിൽ വിവേചനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഹോമിയോ വിഭാഗത്തിനു വേണ്ടി സ്പെഷ്യൽ റൂൾസിനു രൂപം നൽകിയിട്ടുണ്ടോ;

(ഡി) സ്പെഷ്യൽ റൂൾസിനു രൂപംനൽകുമ്പോൾ അനോമലി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമപ്രകാരം ഹോമിയോപ്പതി ഡയറക്ടറുടെ നിയമനം (1) ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിന്നും പ്രൊമോഷൻ വഴിയും (2) യോഗ്യതയുള്ള ഡെപ്യൂട്ടി ഡയറക്ടർമാരുടെ അഭാവത്തിൽ നേരിട്ട് നിയമനവും നേരിട്ടുള്ള നിശ്ചയിച്ചിട്ടുള്ള പ്രായപരിധി 45 വയസ്സ് ആണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും അനുവദനീയമായ വയസ്സിളവ് ലഭിക്കും. ആരോഗ്യ വകുപ്പു ഡയറക്ടറുടെ നിയമനം നിലവിലുള്ള നിയമപ്രകാരം പ്രൊമോഷൻ വഴിയാണ് നടത്തുന്നത്. പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ഇക്കാര്യത്തിൽ വിവേചനം ഉണ്ടായിട്ടില്ല. ഹോമിയോ വകുപ്പിൽ പ്രൊമോഷൻ വഴി ഡയറക്ടർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിർദ്ദിഷ്ട യോഗ്യരായവർ ഇല്ലെങ്കിൽ മാത്രമേ നേരിട്ട് നിയമനം നടത്തുവാൻ വ്യവസ്ഥയുള്ളൂ. നേരിട്ട് നിയമനത്തിനാണ് 45 വയസ് എന്ന പ്രായപരിധി വച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഹോമിയോപ്പതിക് സ്റ്റേറ്റ് സർവ്വീസിനും സബോർഡിനേറ്റ് സർവ്വീസിനും സ്പെഷ്യൽ റൂൾസ് ഇപ്പോൾ നിലവിലുള്ളതിനാൽ ഇക്കാര്യം ഉദിക്കുന്നില്ല.

222 (2538) നേമത്തെ ഹോമിയോ റിസർച്ച് എക്സ്റ്റെൻഷൻ യൂണിറ്റിന്റെ പ്രവർത്തനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഹോമിയോ റിസർച്ച് കൗൺസിലിനു കീഴിൽ ഒരു റിസർച്ച് എക്സ്റ്റെൻഷൻ യൂണിറ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിൽ വരുന്ന നിർധനരായ രോഗികൾക്ക് രക്തം തുടങ്ങിയവ പരിശോധിക്കുവാൻ തിരുവനന്തപുരത്ത് പബ്ലിക് ലാബിൽ സൗകര്യം ഉണ്ടാക്കുവാൻ അപേക്ഷകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനം കേന്ദ്ര സർക്കാരിന്റേയും ആയതിനാൽ നിർധനരായ രോഗികൾക്ക് നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്ക് വിധേയമായി ലബോറട്ടറി പരിശോധനകൾ നടത്തുവാൻ വേണ്ട അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly